അഷ്ഫാഖ് കക്കിടിപ്പുറം



# സംതൃപ്ത ജീവിതത്തിന്റെ അടിസ്ഥാനം

عَنْ سَلَمَةَ بْنِ عُبَيْدِ اللهِ بنِ مِحْصَنٍ ، عَنْ أَبِيهِ قَالَ : قَالَ رَسُولُ اللهِ ﷺ مَنْ أَصْبَحَ مِنْكُمْ آمِنًا فِي سِرْبِهِ ، مُعَافًى فِي جَسَدِهِ ، عِنْدَهُ طَعَامُ يَوْمِهِ ، فَكَأَنَّمَا حِيزَتْ لَهُ الدُّنْيَا (رواه البخاري، ترمذي)

സലമത്ത് ബ്നു ഉബൈദില്ലാഹിബ്നു മിഹ്സൻ (റ) തന്റെ പിതാവിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: “നിങ്ങളിലൊരാൾ തന്റെ വീട്ടിൽ/കുടുംബത്തിൽ കഴിച്ചുകൂട്ടുന്നത് നിർഭയനായിക്കൊണ്ടാവുക, അത് ശാരീരിക സൗഖ്യത്തോടു കൂടിയാവുക, അന്നന്നേക്കുള്ള ആഹാരം അവന്റെ കൈവശമുണ്ടാവുക- എങ്കിലവൻ ഇഹലോകം മുഴുവൻ സ്വന്തമാക്കിയവനെപ്പോലെയാണ്” (ബുഖാരി, തിർമിദി).*

ഒരാൾ നിർഭയത്വത്തോടുകൂടി, രോഗങ്ങളില്ലാതെ ആരോഗ്യത്തോടുകൂടിയാണ് ജീവിക്കുന്നതെങ്കിൽ, അന്നന്നേക്ക് വിശപ്പടക്കാനുള്ള ആഹാരവുമുണ്ടെങ്കിൽ ഇഹലോകത്തിന്റെ അടിസ്ഥാനപരമായ എല്ലാ അനുഗ്രഹങ്ങളും നൽകപ്പെട്ടവനെപ്പോലെയാണ്. ഒപ്പം, കിട്ടിയതുകൊണ്ട് സംതൃപ്തിയടയുന്ന ഒരു യഥാർഥ വിശ്വാസി കൂടിയാണ് അയാളെങ്കിൽ, ആ ജീവിതത്തിനാണ് ധന്യതയുള്ളത്. ഇതെല്ലാം ഉണ്ടായിട്ടും, അതിനു പുറമെ മറ്റു ജീവിത സൗകര്യങ്ങൾ വേണ്ടുവോളം ലഭ്യമായിട്ടും തൃപ്തിപ്പെടാത്ത മനസ്സിനുടമയാണെങ്കിൽ അസ്വസ്ഥതയും അസംതൃപ്തിയുമായിരിക്കും ഫലം. അത്തരക്കാർ പുതിയ ജീവിത സൗകര്യങ്ങൾ ലക്ഷ്യം വെക്കുകയും അവ നേടുന്നതിലൂടെയാണ് ആത്യന്തിക സുഖം എന്ന് വിചാരിക്കുകയും അവ നേടാനായി പ്രയത്നിക്കുകയും ചെയ്യുന്നു. എന്നാൽ, എത്രതന്നെ ലഭിച്ചാലും അവരുടെ മനസ്സ് ശാന്തമാവുകയില്ല. അത്തരക്കാർ മരണം വരെ ജീവിത സംതൃപ്തി കൈവരിക്കാത്തവരായി തുടരും.

“ഒരുവന് സ്വർണത്തിന്റെ രണ്ടു താഴ്വരകൾ ഉണ്ടെങ്കിൽ മൂന്നാമതൊരു താഴ്വര കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് കൊതിക്കും. മരണം കൊണ്ടല്ലാതെ അവന്റെ ആർത്തി തീരുകയില്ല” എന്ന പ്രവാചക വചനത്തിന്റെ പൊരുളും ഇതു തന്നെയാണ്. ‘ഇഹലോകത്തെ സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയാത്തവന് പരലോകത്തെ സ്വർഗത്തിലും പ്രവേശിക്കാൻ കഴിയില്ല’ എന്ന് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ പറഞ്ഞത് ഇതുകൊണ്ടാണ്. യഥാർഥ വിശ്വാസത്തിന്റെ കരുത്ത് തടവറയിലും രോഗശയ്യയിലും മനോബലം നൽകുന്നതോടൊപ്പം പരലോകത്ത് സർവ സുഖങ്ങളുടെയും കേന്ദ്രമായ ഫിർദൗസ് തന്നെ നേടിക്കൊടുക്കുന്നു.

സാമ്പത്തികവും ശാരീരികവും സാമൂഹികവും രാഷ്ട്രീയവുമായ സുരക്ഷിതത്വമാണ് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഐശ്വര്യത്തിന്റെ പ്രധാന ഘടകം. സുരക്ഷിതമായ നാട് പ്രവാചകന്മാരുടെ പ്രാർഥനകളിൽ നിറഞ്ഞുനിൽക്കുന്നത് കാണാം. സുരക്ഷിതത്വവും ആരോഗ്യവും സമ്പദ്സമൃദ്ധിയും അല്ലാഹുവിന്റെ വലിയ ഔദാര്യമാണെന്നും അവൻ നമ്മെ ഉണർത്തുന്നുണ്ട്.

രോഗം ബാധിക്കുമ്പോഴേ ആരോഗ്യത്തിന്റെ വില തിരിച്ചറിയാൻ കഴിയൂ. ജീവിതത്തിൽ സമ്പത്തോ സ്ഥാനമാനങ്ങളോ തുടങ്ങി എന്തൊക്കെ നേടിയാലും രോഗാതുരമായ ശരീരമാണെങ്കിൽ ഒന്നും അനുഭവിക്കാൻ കഴിയില്ല. ആരോഗ്യമാണ് സമ്പത്ത് എന്ന് നാം പറയാറുണ്ടല്ലോ. രോഗങ്ങളിൽ നിന്ന് അഭയം തേടിക്കൊണ്ടും ആരോഗ്യത്തിനു വേണ്ടി അർഥിച്ചും കൊണ്ടുള്ള റസൂലി(സ)ന്റെ നിരവധി പ്രാർഥനകൾ ഹദീസുകളിൽ വന്നിട്ടുണ്ട്.

മനുഷ്യരിലെ ഏറ്റവും ഉത്കൃഷ്ട വ്യക്തിത്വമാണല്ലോ മുഹമ്മദ് നബി (സ), അവിടുത്തെ ജീവിതത്തിൽ ഓരോ കാര്യത്തിലും ലാളിത്യം പ്രകടമായിരുന്നു. വീട്ടിൽ അത്യാവശ്യം ഉപയോഗിക്കാനുള്ള വീട്ടുപകരണങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. വസ്ത്രങ്ങളും ആഹാരരീതികളും തഥൈവ. ഭക്ഷണമൊന്നുമില്ലാത്ത ദിവസങ്ങളും അപൂർവമായിരുന്നില്ല. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ പ്രവാചകനോ പ്രിയ പത്നിമാർക്കോ ഒരു പരിഭവവും ഉണ്ടായിരുന്നില്ല. ‘ജീവിത സൗകര്യങ്ങളിൽ നിങ്ങൾ നിങ്ങളുടെ താഴെക്കിടയിലുള്ളവരിലേക്ക് നോക്കുക. മുകളിലുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങളെ നിസ്സാരമായി കാണാതിരിക്കാൻ അതാണ് ഏറ്റവും അർഹമായിട്ടുള്ളത്’ എന്ന നബിവചനം പ്രായോഗിക ജീവിതത്തിൽ നടപ്പിലാക്കുമ്പോൾ മാത്രമേ ഈമാൻ നൽകുന്ന സമാധാനം അനുഭവിക്കാനാവൂ. ●

* ബുഖാരി തന്റെ *അൽഅദബുൽ മുഫ്റദി*(300)ലും തിർമിദി തന്റെ *സുനനി*ലും (2346) ഉദ്ധരിച്ച ഈ ഹദീസ് *ഹസൻ* ആണെന്ന് ശൈഖ് അൽബാനി രേഖപ്പെടുത്തിയിട്ടുണ്ട്.